# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1751 11.2.2013-ൽ മറുപടിയ്ക്ക്
## കേരള ഫീഡ്സ് കാലിത്തീറ്റ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.ഇ.എസ്.ബിജി മോൾ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള ഫീഡ്സ് ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വില വർദ്ധിപ്പിച്ചു;ഇപ്പോൾ കിലോഗ്രാമിന് എന്ത് വിലയ്ക്കാണ് കാലിത്തീറ്റ കർഷകർക്ക് നൽകുന്നത്; | എ) | കേരള ഫീഡ്സ് ഉൽപാദിപ്പിക്കുന്ന കാലിത്തീറ്റക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു പ്രാവശ്യം വില വർദ്ധിപ്പിച്ചു. നിലവിൽ കാലിത്തീറ്റയുടെ പരമാവധി വിൽപ്പന വില 1 കിലോ ഗ്രാമിന് 16 രൂപ 70 പൈസയാണ്. അതിൽ 20 പൈസ സബ്സിഡി നൽകി 16 രൂപ 50 പൈസയ്ക്കാണ് കാലിത്തീറ്റ കർഷകർക്ക് നൽകുന്നത്. |
| ബി) കേരള ഫീഡ്സ് കാലിത്തീറ്റ സംസ്ഥാനത്തെ എല്ലാ ഭാഗത്തും സുലഭമായി ലഭിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു വരുന്നു; | ബി) | കേരള ഫീഡ്സ് കാലിത്തീറ്റ സംസ്ഥാനത്തെ എല്ലാ ഭാഗത്തും സുലഭമായി ലഭിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1.മാതൃസ്ഥാപനമായ കല്ലേറ്റുംകര യൂണിറ്റിലെ ഉൽപാദനം പൂർണ്ണതോതിൽ നടക്കുന്നുണ്ട്.<br>2.പുതുതായി തുടങ്ങിയ കരുനാഗപ്പള്ളി യൂണിറ്റിലെ ഉൽപാദനം ഒരു ഷിഫ്റ്റിൽ നിന്നും രണ്ട് ഷിഫ്റ്റാക്കി ഉയർത്തി. മൂന്നാം ഷിഫ്റ്റ് ഉടൻ തന്നെ ഉൽപാദനം ആരംഭിക്കുന്നതുമാണ്.<br>3.കോഴിക്കോട് ജില്ലയിലെ ചേമ്മൻചേരിയിലെ 300 ടൺ ഉൽപാദന |

തൊട്ടുപുഴയ്ക്കടുത്ത് 500 ടൺ ഉൽപാദനശേഷിയുള്ള ഫാക്ടറി ആരംഭിക്കുന്നതിനു വേണ്ട നടപടികൾ പൂർത്തിയായി വരുന്നു.

സി) കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

സി) 2012 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ ഉൽപാദന ചിലവ് വർദ്ധിച്ചതു മൂലം സ്വകാര്യ കാലിത്തീറ്റ നിർമ്മാണ കമ്പനികൾ ചാക്കൊന്നിന് 250 രൂപ വരെ വില വർദ്ധിപ്പിച്ചപ്പോൾ കേരള ഫീഡ്സ് വില വർദ്ധിപ്പിക്കാതെ കർഷകർക്ക് നൽകുകയായിരുന്നു.

ഡി) കേരള ഫീഡ്സിനെ വൈവിദ്ധ്യവത്ക്കരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെ; വ്യക്തമാക്കുമോ?

ഡി) 1.വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി വൈക്കോൽ ലഭ്യത ഉറപ്പു വരുത്തുന്നതിനും എളുപ്പം കൈകാര്യം ചെയ്യുന്നതിനുമായി സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ട നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയായി.

2. മലപ്പുറം ജില്ലയിലെ ആദവനാട് കാലികൾക്ക് വേണ്ട മിനറൽ മിക്സ്ചർ (കേരമിൻ) ഉൽപാദിപ്പിച്ചു വരുന്നു. കല്ലേറ്റുംകര യൂണിറ്റിൽ ബൈപാസ് പ്രോട്ടീൻ കാലിത്തീറ്റ ഉൽപാദിപ്പിക്കുന്നതിനു വേണ്ട പ്രാഥമിക നടപടികൾ ആരംഭിച്ചു. കോഴിക്കോട് ജില്ലയിലെ ചേമ്മൻചേരിയിൽ ആരംഭിക്കുന്ന കാലിത്തീറ്റ ഫാക്ടറിയിൽ ആട്ടു തീറ്റയും ഉൽപാദിപ്പിക്കുന്നതിനായി പദ്ധതിയുണ്ട്.

3.അത്യുൽപാദന ശേഷിയുള്ള ശുദ്ധവർഗ്ഗ ഇനം പശുക്കളുടെ ആരോഗ്യം ഉറപ്പു വരുത്തി പാലുൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനു വേണ്ടി കേരള ഫീഡ്സ് എലൈറ്റ് എന്ന പുതിയ കാലിത്തീറ്റ ഡിസംബറിൽ

4.ഗർഭകാലത്ത് പശുവിന്റെയും കിടാവിന്റെയും വളർച്ച പരിപോഷിക്കുന്നതിനും പ്രസവാനന്തര പാലുൽപ്പാദന മികവ് ഉറപ്പാക്കുന്നതിനും ആവശ്യമായ മാംസ്യ സമൃദ്ധ പോഷകങ്ങളുടെ കരുതൽ ശേഖരം ലഭ്യമാക്കുന്ന കേരള ഫീഡ്സ് റിച്ച് ഉടനെ തന്നെ വിപണിയിൽ ഇറക്കും.

Seele

സെക്ഷൻ ഓഫീസർ